# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# നെല്ലായ ഗ്രാമപഞ്ചായത്ത്

# 2016-17 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ-പി.കെ.ഡി.16-1323/17 തീയതി. 11/09/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, പാലക്കാട് .
തീയതി-11/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)
നെല്ലായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- നെല്ലായ ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

---------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു..

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.16-1323/17 തിയ്യതി: 11/09/2017

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-09-2016 മുതൽ 23-6-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ-- എസ്. സുനിൽദാസ്

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24-06-2017 മുതൽ 01-07-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്:

| പേര് | കാലയളവ് |
|---|---|
| ശ്രീ.എൻ.ജനാർദ്ദനൻ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.ആർ.ശരത്ചന്ദ്രൻ | 1-4-16 മുതൽ 2-5-16 വരെ |
| | 27-6-16മുതൽ16-8-16 വരെ |
| ശ്രീ.എം.ജി.ശ്രീനിവാസൻ (അസി.സെക്രട്ടറി-ഇൻ-ചാർജ് ) | 3-5-16മുതൽ 26-6-16 വരെ |
| ശ്രീമതി.ബിന്ദു.കെ.എൻ (ഹെഡ്ക്ലാർക്ക്-ഇൻ-ചാർജ്) | 17-8-16 മുതൽ 22-8-16 വരെ |

| | |
|---|---|
| ശ്രീ.രതീനാഥ്.ആർ (സെക്രട്ടറി-ഫുൾ അഡീ.ചാർജ്) | 23-8-16 മുതൽ 23-12-16 വരെ |
| ശ്രീമതി.റെനി പോൾ | 24-12-16 മുതൽ 31-3-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.എം.പ്രഭാകരൻ | 1-4-16 മുതൽ 28-7-16 വരെ |
| | ശ്രീമതി.വിജിത കെ.വി | 29-7-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.വാസുദേവൻ | 1-4-16 മുതൽ 2-8-16 വരെ |
| | ശ്രീ.ഷിബു.എ.കെ | 3-8-16 മുതൽ 29-1-17 വരെ |
| | ശ്രീമതി.ധന്യ.സി. | 30-1-17മുതൽ 31-3-17 വരെ |

| | | |
|---|---|---|
| ICDS സൂപ്പർവൈവെസർ | ശ്രീമതി.എ.വി.മീര | 1-4-16മുതൽ 23-10-16 വരെ |
| | ശ്രീമതി.വിദ്യ ബാലു | 24-10-16മുതൽ 5-2-17വരെ |
| | ശ്രീമതി.എ.വി.മീര | 6-2-17 മുതൽ 20-3-17 വരെ |
| | ശ്രീമതി.വി.എ. പ്രമീള | 21-3-17മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.ദീപക്.കെ.കെ | 1-4-16മുതൽ 25-1-17വരെ |
| | ശ്രീ.സി.എം.വിമൽ ലാൽ | 26-1-17 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ഭവിത | 1-4-16 മുതൽ 25-7-16 വരെ |

| | | |
|---|---|---|
| | ഡോ.സുജേഷ് | 26-7-16 മുതൽ 7-8-16 വരെ |
| | ഡോ.വി.വി.അലി അക്ബർ | 8-8-16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.കെ.എം.സമീർ ബാബു | 1-4-16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജ്യോതിഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ |
| അസി.സെക്രട്ടറി | ശ്രീ.എം.ജി. ശ്രീനിവാസൻ | 1-4-16 മുതൽ 21-8-16 വരെ |
| | ശ്രീമതി.കെ.പി.സുപ്രഭ | 22-8-16 മുതൽ 7-11-16 വരെ |
| | ശ്രീ.സി.പ്രദീപ് പാസ്ക്കൽ | 8-11-16 മുതൽ 31-3-17 വരെ |

# <u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

# <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1(4)/29-3-2016 | 1(1)/23-3-2017 |

<u>ബജറ്റ് - അവലോകനം</u>

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ബജറ്റ് 29.3.16 ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റിൽ പ്രതീക്ഷിച്ച വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ താഴെ പറയും പ്രകാരം സാരമായ അന്തരമുണ്ട്. പ്രതീക്ഷിച്ച വരവിന്റെ 61.67 % മാത്രമാണ് യഥാർത്ഥ വരവ്.

| | | | |
|---|---|---|---|
| പ്രതീക്ഷിത വരവ് | 144222518 | പ്രതീക്ഷിത ചെലവ് | 140222500 |
| വരവ് (വാർഷിക കണക്കുകൾ പ്രകാരം) | 54985445 | ചെലവ് | 52416768 |
| വ്യത്യാസം | 89237073 | വ്യത്യാസം | 87805732 |

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങളൊന്നും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള നിർദേശങ്ങളും

ബജറ്റിലില്ല. കൂടാതെ പ്രധാന നികുതി ഇനങ്ങളുടെ ബജറ്റിലെ വരവ് തൻവർഷത്തെ ഡിമാന്റിൽ നിന്നും വ്യത്യസ്തമാണ്.

മുൻ വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളും നിലവിലെ സാഹചര്യങ്ങളും വിലയിരുത്തി കാര്യക്ഷമമമായി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2016 | 5-06-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച<br>തീയതി | |
| 2016-17 | 28-06--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

# 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 16983253 | 54985445 | 71968698 | 52416768 | 19551930 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ( പൊതുവിഭാഗം) | 0 | 10681329 | 10681329 | 10681329 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6085114 | 6085114 | 6085114 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2685799 | 2685799 | 2685799 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2791033 | 2791033 | 2791033 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2885817 | 2885817 | 2885817 | 0 |
| | 0 | 7349408 | 7349408 | 7349408 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | |
| MGNREGS | 856 | 16093972* | 16094828 | 16080936 | 13892 |
| ബി ഫണ്ട് | 0 | 174360 | 174360 | 174360 | 0 |

***14745321രൂപ EFMS വഴി ലഭ്യമായതാണ്.**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 310 | 84137251 | 162 | 40653398 | nil | 148 | 52.26 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഒന്നുമില്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3101145 | 4537884 | 1436739 |
| നികുതിയേതര വരവുകൾ | 428232 | 739399 | 311167 |
| ആകെ | 3529377 | 5277283 | 1747906 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അംഗീകരിച്ചവ | നിരസിച്ചവ | നിരസിച്ചതിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2 | അർഹതയില്ല | 2 | കൃഷി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു |
| 2 | തൊഴിൽ രഹിത വേതനം | 24 | 13 | 11 | എംപ്ലോയ്മെന്റ് ഓഫീസറുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | റിപ്പോർട്ട് പ്രകാരം അനുവദനീയമല്ല |
| 3 | വിധവാ പെൻഷൻ | 77 | 73 | 4 | ICDS സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു |
| 4 | വികലാംഗ പെൻഷൻ | 34 | 30 | 4 | ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 0 | ബാധകമല്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 540 | 472 | 68 | വി.ഇ.ഒയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-6-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 21648/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**ഡെപ്പോസിറ്റ് രജിസ്റ്റർ**: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധയിനം ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**ആസ്തി രജിസ്റ്റർ**: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**എം.ഒ.പി. പാലിക്കുന്നില്ല:** പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**പ്രൊക്യൂർമെന്റ് കമ്മിറ്റി**

സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

**അസാധാരണ ചെലവുകൾ**: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**ഫ്രണ്ട് ഓഫീസ് സംവിധാനം:** ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തെരുവ് വിളക്കുകളുടെ വൈദ്യൂതി ചാർജ്ജ്

49143/-രൂപയാണ് ഈ ഇനത്തിൽ പ്രതിമാസം ചെലവു വരുന്നത്. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനു് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പൊതു ടാപ്പുകളുടെ വെളളക്കരം

പൊതുടാപ്പുകൾ ഒന്നും നിലവിലില്ല.

## 1-14 കുടിവെള്ള പദ്ധതികളുടെ പരിപാലനം

കുടിവെള്ളപദ്ധതികളുടെനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5-5-2017 മുതൽ 6-5-2017 വരെ | ഏപ്രിൽ 2017 | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിൻെറ ഓഡിറ്റ് | 3-4- 2010 മുതൽ 17-4-2010 വരെ | 2005-06 മുതൽ 2009-10വരെ | LBA(H) /1/TPQ/ 1-10-11/ LBA/X/488 dt.193-2010 | ഇല്ല |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള മൊബൈൽ ടവറുകളുടെ എണ്ണം, അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് പെർമിറ്റ് രേഖകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകൾക്ക് നികുതി നിർണ്ണയിച്ചിട്ടില്ല.

| ക്രമ നം | അപേക്ഷാ | പേരും മേൽവിലാസവും | സർവ്വേ നം | പെർമിറ്റ് നം/ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | രജിസ്റ്ററിലെ പെർമിറ്റ് കറന്റ് നം/ തീയതി | | | തീയതി |
| 1 | എ5-4013/14/ 22.09.2014 | എ.ടി.സി ടെലികോം കോർപ്പറേഷൻ, കൊച്ചിൻ | 131/2എ,2ബി | 31.10.14 |
| 2 | 4039/15/ 14.09.2015 | ഇൻഡസ് ടവർ ലിമിറ്റഡ്, എൻ.എച്ച് ബൈപ്പാസ്, പാലാരിവട്ടം | 4/4<br>നെല്ലായ | 78/15-16<br>27.10.15 |
| 3 | 26.04.2010 | ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ മൊബൈൽ, പാലക്കാട് | 86/5<br>3 | 29/10-11<br>26.04.10 |
| 4 | 3010/10/ 10.05.2010 | ,, | 54എ/6എ 6ബി | 87/10-11<br>03.06.10 |
| 5 | 52/07 | എസ്സാർ ടെലികോം | 28/11 | 52/07<br>24.11.07 |

| | | | | |
|---|---|---|---|---|
| 6 | 77/07 | എസ്സാർ ടെലികോം | 42/9 | 77/07<br>14.12.07 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ടവറുകളുടെ വസ്തുനികുതി യഥാസമയം ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റ് പദ്ധതിമാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയിട്ടില്ല

12-ാം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കുടിവെള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കണം. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്റ്റായി തയ്യാറാക്കണം. എന്നാൽ പഞ്ചായത്ത് തൻവർഷം തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ ഭാഗികമായുള്ള പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. കുഴൽക്കിണർ കുഴിക്കൽ,മോട്ടോർ സ്ഥാപിക്കൽ എന്നിവ മാത്രമാണ് ഈ പ്രവൃത്തികളിൽ നിർവ്വഹിച്ചിരിക്കുന്നത്.

ഒരു പ്രവൃത്തിയായി ഒറ്റ ടെണ്ടറിൽ ചെയ്യാവുന്ന പ്രവൃത്തികൾ പല വർഷങ്ങളിലായി വിഭജിച്ചു ചെയ്യുന്നത് പദ്ധതി നീണ്ടു പോകുന്നതിനും അധികച്ചെലവിനും ഇടവരുത്തും. ആയതിനാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ പ്രയോജനം എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കുന്ന വിധത്തിലുള്ള പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

ഉദാഹരണങ്ങൾ:-

1. തലോപ്പാറ ലക്ഷംവീട് കുടിവെള്ള പദ്ധതി(പ്രോജ.നം.17/17)

2. കാട്ടുകുളം കുടിവെള്ളപദ്ധതി(പ്രോജ.നം.25/15-16)

3. പന്താരിപ്പറമ്പ് കോളണി കുടിവെള്ളപദ്ധതി(പ്രോജ.നം.68/17)

4. എഴുവന്തല-പീടികത്തൊടി കുടിവെള്ളപദ്ധതി(പ്രോജ.നം.308/17)

5. വരമംഗലം കുടിവെള്ളപദ്ധതി(പ്രോജ.നം.175/17)

6. ബീവിപ്പടി-പറപ്പൂർക്കളം കുടിവെള്ളപദ്ധതി(പ്രോജ.നം.303/17)

7. ഇരുമ്പാലശ്ശേരി കുടിവെള്ള പദ്ധതി(പ്രോജ.നം.33/17)

## 3-2 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത്

പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ

കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ പല കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ അധികം സിമന്റ് വാങ്ങിയതായി കാണിച്ചുകൊണ്ടുള്ള ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. കൂടാതെ കരാർ വ്യവസ്ഥ 2. പ്രകാരം "പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയോ കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". ഫയൽ പരിശോധിച്ചതിൽ കൺവീനർമാർ പ്രവൃത്തികൾ സബ്കോൺട്രാക്ട് നൽകിയതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. മെറ്റീരിയൽ വാങ്ങിയതിന്റെ

കൈപ്പറ്റ് രസീതിയും പ്രവൃത്തി സബ്കോൺട്രാക്ട് നൽകിയതിന്റെ രേഖയുമാണ് കൺവീനർ സമർപ്പിച്ചിട്ടുള്ളത്.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല.കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്വേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല.വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

സാങ്കേതിക വൈദഗ്ദ്യം പൂർണ്ണമായും ആവശ്യമുള്ള പ്രവൃത്തികൾ കൺവീനർമാരെ ഏൽപ്പിക്കുകയും മെറ്റീരിയൽ പർച്ചേസ് മാത്രം ഗുണഭോക്തൃസമിതി നടത്തുകയും പ്രവൃത്തി

കോൺട്രാക്ടർ മുഖേന നിർവ്വഹിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവൃത്തികൾ സമിതിയെ ഏൽപ്പിക്കുകയും സമിതി മറ്റു കരാറുകാർക്ക് സബ്കോൺട്രാക്ട് നൽകുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കാൻ സാങ്കേതികപരിജ്ഞാനവും സംവിധാനവും ഉള്ള കൺവീനർമാരെ പദ്ധതികൾ ഏർപ്പിക്കുകയോ അല്ലാത്തപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ -പഴയ മോട്ടോർ പഞ്ചായത്തിൽ തിരിച്ചേല്പ്പിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണിയുടെ ഭാഗമായി 2 HP മോട്ടോർ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ 5HP മോട്ടോർ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെപേര് : തലപ്പാറ ലക്ഷംവീടു കോളനി കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം : 17/17

അടങ്കൽ : 100000/-

ചെലവ് : 90495/-

ബിൽ നം : 48/16-17/28.3.17

കരാറുകാരൻ : ശ്രീകുമാർ

എം.ബുക്ക് നം. : 188/16-17

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ്എൻകചയറിക്ക് (നം.2/30.6.2017) നൽകിയ മറുപടിയിൽ പഴയ മോട്ടോർ 2HPയുടേതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഡിറ്റയിൽഡ് എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, പഞ്ചായത്ത് തീരുമാനം (1/24-10-16) എന്നിവ പ്രകാരം ഇത് 5 HP ആണെന്നാണ് കാണാൻ കഴിയുന്നത്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതി അന്വേഷിച്ച് യാഥാർത്ഥ്യം വിലയിരുത്തേണ്ടതാണ്. മോട്ടോർ ലഭ്യമാക്കി അറ്റകുറ്റപ്പണി നടത്തി മറ്റു കുടിവെള്ള പദ്ധതികൾക്കു വേണ്ടി പ്രയോജനപ്പെടുത്തുകയോ അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തപ്പക്ഷം അധികാരപ്പെട്ട സ്ഥാനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി മോട്ടോർ ലേലം ചെയ്ത് തുക പഞ്ചായത്തുഫണ്ടിൽ മുതൽകൂട്ടേണ്ടതുമാണ്.

## 3-4 വെറ്ററിനറി സർജൻ നടപ്പാക്കിയ വ്യക്തിഗത പ്രൊജക്ടുകൾ-പദ്ധതി മാർഗ്ഗ രേഖാനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ വ്യക്തിഗത ഗുണഭോക്താക്കൾക്കു വേണ്ടി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമനം | പ്രൊജക്റ്റ് നമ്പറും പേരും | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 162/17 മുട്ടക്കോഴി വളർത്തൽ ( വനിത) | 83500 | 36600 (പദ്ധതി ഫണ്ട്) |
| 2 | 164/17 മുട്ടക്കോഴി വളർത്തൽ ( എസ്.സി. വനിത) | 83500 | 31500 (എസ്.സി. പ്ലാൻ ഫണ്ട്) |
| 3 | 166/17 കിടാരി വളർത്തൽ ( ജനറൽ) | 800000 | 340000 (പ്ലാൻ ഫണ്ട്) |
| 4 | 169/17 കിടാരി വളർത്തൽ (എസ്.സി.പി) | 280000 | 195000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/13 ത.സ്വ.ഭ.വ തീ.16.11.13-അനുബന്ധം-16 തദ്ദേശ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക 3.2 പ്രകാരം മൃഗസംരക്ഷണ രംഗത്ത് വ്യക്തിഗത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉരുക്കളേയും പക്ഷികളേയും വാങ്ങുന്നതിന് പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കളുടെ 7 പേരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും വാങ്ങലിന്റെ ചുമതല ഈ സമിതിയെ ഏൽപ്പിക്കുകയും വേണം. സമിതിയുടെ ചെയർമാൻ ജനപ്രതിനിധിയും കൺവീനർ നിർവ്വഹണോദ്യോഗസ്ഥനുമായിരിക്കണമെന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പൊതു

പണമുപയോഗിച്ചുള്ള വാങ്ങലുകളിൽ ജനകീയമായ സുതാര്യത ഉറപ്പു വരുത്തുന്നതിനും, ദുരുപയോഗം തടയുന്നതിനും, പരമാവധി നേട്ടം ഗുണഭോക്താവിനെത്തിക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് സബ്സിഡി മാനദണ്ഡങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ നെല്ലായ ഗ്രാമപഞ്ചായത്ത്, മേൽ പറഞ്ഞ വിധം പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് ഗുണഭോക്താവ് നിർവ്വഹണോദ്യോഗസ്ഥനുമായി കരാർ ചമയ്ക്കണമെന്നും,വാങ്ങുന്ന ഉരുക്കൾക്ക് കുറഞ്ഞത് 10 കി.ഗ്രാം തൂക്കമുണ്ടായിരിക്കണമെന്നും, ഗർഭിണി കിടാരികൾക്ക് 5 മാസത്തിലധികം ഗർഭമുണ്ടായിരിക്കണമെന്നും, 18 മാസമെങ്കിലും പ്രായമുള്ളതായിരിക്കണം കിടാരികളെന്നും പദ്ധതി മാർഗ്ഗ രേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇക്കാര്യങ്ങളൊന്നും തന്നെ പദ്ധതികളുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ആയതിനാൽ ഭാവിയിൽ, മാർഗ്ഗ രേഖയ്ക്കനുസരിച്ചാണ് പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നതെന്ന് പഞ്ചായത്ത് സമിതിയും നിർവ്വഹണോദ്യോഗസ്ഥനും ഉറപ്പു വരുത്തേണ്ടതാണ്.

## 3-5 സാക്ഷരതമിഷനിൽ നിന്നും 68476/-രൂപ റീക്കൂപ്പ് ചെയ്യേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ സാക്ഷരത പ്രേരകുമാർക്ക് ആകെ 123276/-രൂപ തനത് ഫണ്ടിൽ നിന്നും വേതനമായി നൽകിയതിൽ 54800/-രൂപ സാക്ഷരതാ മിഷനിൽ നിന്നും റീക്കൂപ്പ് ചെയ്യിട്ടുണ്ട്.

ബാക്കിയുള്ള 68476/-രൂപ സാക്ഷരതമിഷനിൽ നിന്നും റീക്കുപ്പ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 കുടുംബശ്രീ അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ കുടുംബശ്രീയുടെ പേരിലുള്ള വിജയാ ബാങ്ക് (4585,4013,4015,2414),എസ്.ബി.ടി(3027) എന്നീ ബാങ്കുകളിലെ സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ 31-3-2017-ൽ ചെലവഴിക്കാതെ കിടക്കുന്ന താഴെ പറയുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| എസ്.സി.എ (സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ്) | : 44716 |
| ജില്ല പഞ്ചായത്ത് പ്ലാൻ ഫണ്ട് | : 55380 |
| റിവോൾവിങ്ങ് ഫണ്ട് | : 92000 |
| **ആകെ** | **192096** |

## 3-7 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

നെല്ലായ ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ച് ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്.

പ്രൊജക്റ്റ് നം – 117/17

അടങ്കൽ – 400000

ചെലവ് – 400000/- രൂപ
1. ബിൽ നം.1/16-17 തീ.23.02.17 – 100000/-
2.ബിൽ നം.3/16-17 തീ.23.02.17 – 300000/-
**ആകെ 400000/-**

2) പ്രൊജക്റ്റ് നം – 336/17

അടങ്കൽ – 50000രൂപ

ചെലവ് – 50000 രൂപ( ബിൽ നം.4/ 17 തീ. 29.3.17)

മേൽ പറഞ്ഞ തുകയ്ക്കുള്ള മരുന്നുകൾ പാട്ട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഈസ്റ്റ് കതിരൂർ, തലശ്ശേരി, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ GO( MS) 362/13 തീ. 16.11.13 -പ്രകാരം മരുന്നുകൾ വാങ്ങുന്നതിനു മുമ്പ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട്. GO (MS) 4/16 ത.സ്വ.ഭ.വ തീ. 11.1.16 പ്രകാരം ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും നോൺ-അവൈലബിലിറ്റി സാക്ഷ്യപത്രം ലഭിക്കാതെ മരുന്നുകൾ വാങ്ങാൻ പാടില്ല, ടി സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് (നമ്പർ 5. തീ. 30.6.17) മറുപടി സമർപ്പിച്ചില്ല. ആയതിനാൽ ടി സാക്ഷ്യപത്രം പരിശോധനയ്ക്ക്

ഹാജരാക്കുന്നതിനു വിധേയമായി മേൽ പറഞ്ഞ രണ്ട് പ്രൊജക്റ്റുകൾക്ക് വേണ്ടി ചെലവഴിച്ച 450000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ - മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2016-17 സാമ്പത്തിക വർഷത്തിൽ നെല്ലായ ഗ്രാമ പഞ്ചായത്ത് പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽനിന്നും താഴെ പറയും പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് നം – 115/17

അടങ്കൽ – 599800

ആകെ ചെലവ് – 256287( മരുന്ന്)

ബിൽ നം. 10/16-17 തീ. 16.3.17- 185000 രൂപ

ബിൽ നം. 11/16-17 തീ. 29.3.17 – 61837 രൂപ

ബിൽ നം. 13/16-17 തീ. 29.3.17- 9450 രൂപ

മേൽ പറഞ്ഞ പ്രകാരം 256287/-രൂപ മരുന്നിനും ഓട്ടോക്ലേവ് എന്ന ഉപകരണം വാങ്ങുന്നതിനും വേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയാണ്. എന്നാൽ നാളിതുവരെ ഈ തുകയ്ക്കുള്ള മരുന്നും ഉപകരണവും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും രേഖകളോ വിശദീകരണമോ ഹാജരാക്കാനുണ്ടെങ്കിൽ ആയവ 1.7.2017 ന് രാവിലെ 11 മണിക്കകം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് ( നമ്പർ 6/30.6.17) മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞവ ലഭ്യാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-9 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

നെല്ലായ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ താഴെ പറയുന്ന തെരുവു വിളക്കുകളുണ്ട്

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ട്യൂബ് ലൈറ്റ് /2*40w | 67 |
| 2 | സോഡിയം വേപ്പർ ലാമ്പ്/250w | 89 |
| 3 | ---ടി-/150w | 3 |
| | | |

| | | |
|---|---|---|
| 4 | സി.എഫ്.എൽ/2*11w | 232 |

എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി എണ്ണം കാലികമാക്കി തെരുവു വിളക്കു് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്. കൂടാതെ വാട്ടേജ് കൂടിയ തെരുവു വിളക്കുകൾ ഒഴിവാക്കി വാട്ടേജ് കുറഞ്ഞ വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നൽകുന്ന സേവനത്തിന് സേവനനികുതി ഈടാക്കാനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതുമാണ്.മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളേണ്ടതുമാണ്.

## 3-10 തൊഴിലുറപ്പ് പദ്ധതി - 12/2016 മുതലുള്ള തൊഴിൽകൂലി നൽകിയില്ല.

തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3),തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 4870660/-രൂപ തൊഴിലാളികൾക്ക് നല്കുവാൻ

കുടിശ്ശികയുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| ഐ.എ.വൈ.ഭവനനിർമ്മാണം | 30720 |
| തോടുകളുടെ പുനരുദ്ധാരണം | 550800 |
| കിണർ നിർമ്മാണം | 1824144 |
| ജലസേചനം | 130540 |
| സ്വകാര്യഭൂമിയിലെ പ്രവൃത്തികൾ | 1502004 |
| പുനരുദ്ധാരണം | 832452 |
| ആകെ | 4870660 |

കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശിക വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 അങ്കണവാടികളുടെ ഫിറ്റ്നസ്സ് പരിശോധന നടത്തിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കരുത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പേടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷ സംവിധാനങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ അങ്കണവാടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 2016-17 വർഷത്തിൽ നടത്തിയിട്ടില്ല. 2017-ലും ഓഡിറ്റ് തീയതി വരെ പരിശോധന നടത്തി സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. സർക്കാർ ഉത്തരവിലെ

നിർദേശങ്ങൾ പാലിക്കേണ്ടതും കെട്ടിടങ്ങളുടെ സാങ്കേതിക പരിശോധന നടത്തി ഫിറ്റ്നസ്സ് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-12 THRS ഭക്ഷ്യ മിശ്രിതം- ലാബ് റിപ്പോർട്ട് ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഒാരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഒാരോ കുടുംബശ്രി യൂണിറ്റിൽ നിന്നും ഒാരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും എെ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതിയുടെ പൂർത്തീകരണരേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒാഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേരും നമ്പരും | ബിൽ നമ്പരും തുകയും | അക്കൗണ്ട് നമ്പർ | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1 | 159/17- കന്നുകുട്ടി പരിപാലനം-ജനറൽ | 1/16-17/ 2.3.17<br>250000 | 714021400000008 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 560628(ജില്ലാ പഞ്ചായത്ത് വിഹിതം) | സമൃദ്ധി(നെൽകൃഷിക്ക് ധനസഹായം (പ്രോജ.നം.125/17) | 560610 | 18 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര് | ചെക്ക് നം/ | മുൻകൂർ | ചെലവഴിച്ച | ചെലവ |
|---|---|---|---|---|---|

| | | ഡി.ഡി.നം | നല്കിയ തുക | തുക | ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പട്ടികജാതി കോളനി കളിൽ സ്ട്രീറ്റ് മെയിൻ (proj.no.129/17) | Fund transferred through NEFT | 272900/- | 0 | 272900/- |
| --do-- | മലയിൽ കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ (proj.no.366) | Fund transferred through NEFT | 38150 | 38150 | 0 |
| --do-- | ചോലക്കൽ കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻവലിക്കൽ (proj.no.346) | Fund transferred through NEFT | 37440 | 37440 | 0 |
| ---do-- | സമ്പൂർണ്ണ വൈദ്യുതീകരണം (proj.no.323) | Fund transferred through NEFT | 125000 | 0 | 125000 |
| ---do--- | ഗതാഗതതടസ്സം സൃഷ്ടിക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റൽ(proj.no.276) | Fund transferred through NEFT | 395733 | 395733 | 0 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 31869 | എൻ.പ്രഭാകരൻ, അസി.എഞ്ചിനീയർ | KL00593875201617M |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54985445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52416768 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LF.P13.596/08/21-2-09 |
| 1999-00 | LF.P13.597/08/21-2-09 |
| 2000-01 | LF.P13.598/08/21-2-09 |
| 2001-02 | LF.P13.599/08/21-2-09 |
| 2002-03 | LF.P13.600/08/21-2-09 |
| 2003-04 | LF.P13.601/08/21-2-09 |
| 2004-05 | LF.P13.1003/09/5-12-09 |

| | |
|---|---|
| 2005-06 | LF.P13.695(2)/12/8-5-12 |
| 2006-07 | LF.P13.177/11/7-3-11 |
| 2007-08 | LF.P13.695(4)/12/16.3.12 |
| 2008-09 | LF.P16/952/13/7-4-14 |
| 2009-10 | |
| 2010-11 | |
| 2011-12 | LF.P16.1967/14/4-12-2014 |
| 2012-13 | കെ.എസ്.എ-പികെഡി16/1403/2015/ 8.1.2016 |
| 2013-14 | |
| 2014-15 | കെ എസ് എ -പി കെ ഡി16/1209/16/28.07.2016 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി16/1880/16/7-1-17 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

1

## അനുബന്ധം

നം. കെ.എസ്.എ-പികെഡി.16-1323/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി : 11.09.2017

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ** 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെല്ലായ ഗ്രാമ പഞ്ചായത്ത്** തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടിഡയറക്ടർ**

### ന്യൂനതാ സംഗ്രഹം -വാർഷിക ധനകാര്യപത്രിക – 2016-17

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത്

ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

**ഡെപ്യൂട്ടി ഡയറക്ടർ**

No. KSA-PKD16-1323/2017

Kerala State Audit Department

District Audit Office,Palakkad

Date :11.09.2017

**CERTIFICATE**

Certified that I have examined the Annual Financial Statement of **NELLAYA GRAMA PANCHAYATH** for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of **NELLAYA GRAMA PANCHAYATH** prepared for the year 2016-2017 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

**Deputy Director**

## Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

**Deputy Director**